A1/129/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയ്ക്ക് - 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.281/2025/CLAD　　　　തീയതി,തിരുവനന്തപുരം, 20-05-2025

പരാമർശം:- 1. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല രജിസ്ട്രാറുടെ 28.03.2025-ലെ KKMDU/F-1/531/2025 നം അപേക്ഷ.

2. 22.04.2025 -ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി ക്രമം.

**ഉത്തരവ്**

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം "2205-00-101-97-36(പ്ലാൻ)" എന്ന ശീർഷകത്തിൽ 24,50,00,000/- രൂപ (ഇരുപത്തിനാല് കോടി അമ്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല രജിസ്ട്രാർ 22.04.2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിഗണിക്കുകയും കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയ്ക്ക് 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 23,50,00,000/- രൂപയായി (ഇരുപത്തിമൂന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയ്ക്ക് ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 23,50,00,000/- രൂപയായി (ഇരുപത്തിമൂന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു:

| **ക്രമ നമ്പർ.** | **പദ്ധതിയുടെ പേര്** | **ശീർഷകം** | **തുക (ലക്ഷത്തിൽ)** |
|---|---|---|---|
| 1 | നാലുവർഷ ബിരുദം ആരംഭിക്കുന്നത് സംബന്ധിച്ച് | 2205-00-101-97-36 | 25 |

| | | | |
|---|---|---|---|
| 2 | മണക്കുളം മുകുന്ദരാജ സ്മാരക അക്കാദമിക് ബ്ലോക്ക് നിർമ്മാണം | 2205-00-101-97-36 | 80 |
| 3 | വള്ളത്തോൾ സ്മൃതി ഉദ്യാനം നിർമ്മാണം | 2205-00-101-97-36 | 200 |
| 4 | പുതിയ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം | 2205-00-101-97-36 | 1075 |
| 5 | അന്താരാഷ്ട്ര നൃത്ത-സംഗീതോത്സവം സംഘടിപ്പിക്കുന്നതിന് | 2205-00-101-97-36 | 100 |
| 6 | ആർ ക്കൈവ്സ് & റിക്കോർഡിംഗ് സ്റ്റുഡിയോ നിർമ്മിക്കുന്നതിന് | 2205-00-101-97-36 | 100 |
| 7 | സെമിനാർ/വകുപ്പ് പരിപാടികൾ നടത്തുന്നതിന് | 2205-00-101-97-36 | 40 |
| 8 | ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് | 2205-00-101-97-36 | 40 |
| 9 | പബ്ലിക്കേഷൻ & പ്രിന്റിംഗ് നടത്തുന്നതിന് | 2205-00-101-97-36 | 10 |
| 10 | വിവിധ വകുപ്പുകളിലെ വാദ്യ-സംഗീത ഉപകരണങ്ങൾ പുതിയവ വാങ്ങുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും | 2205-00-101-97-36 | 35 |

| | | | |
|---|---|---|---|
| | | | |
| 11 | ഫർണ്ണീച്ചറുകൾ വാങ്ങുന്നതിന് | 2205-00-101-97-36 | 60 |
| 12 | സംസ്ഥാന കലാപുരസ്കാരങ്ങളുടെ വിതരണത്തിന് | 2205-00-101-97-36 | 1.50 |
| 13 | വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് നൽകുന്നതിന് | 2205-00-101-97-36 | 189 |
| 14 | ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുന്നതിന് | 2205-00-101-97-36 | 50 |
| 15 | കൂത്തമ്പലത്തിന്റെ നവീകരണം നടത്തുന്നതിന് ** | 2205-00-101-97-36 | 150 |
| 16 | വാർഷിക അറ്റകുറ്റപ്പണികൾ - നവീകരണപ്രവൃത്തികൾ ** | 2205-00-101-97-36 | 59.50 |
| 17 | മറ്റു വികസനപ്രവൃത്തികൾ നടത്തുന്നതിന് | 2205-00-101-97-36 | 100 |
| 18 | Caption Building for Research | 2205-00-101-97-36 | 15 |
| 19 | Study in Kerala (SIK) | 2205-00-101-97-36 | 20 |
| | **ആകെ** | | **2350** |

**എല്ലാ പുതിയ പദ്ധതി പ്രവർത്തനങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും അംഗീകാരം ലഭിക്കുന്നതിന്, പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതാണ്.

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്യുന്നത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള കലാമണ്ഡലം കൽപിത സർവ്വകലാശാല, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (പ്ലാനിംഗ് ബി/വിദ്യാ.സി) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 20-05-2025 12:35:36